(ബി) ഈ ബോർഡു രൂപീകരണത്തിൽ ഗവണ്മെന്റിനു് കേന്ദ്രഗവണ്മെന്റിന്റെ ഉപദേശം ഉണ്ടായിട്ടുണ്ടു്.

(സി) ഈ ബോർഡു പ്രവർത്തനത്തിനു് ഇതുവരെ ആകെ 338 രൂപാ 8 അണ ചെലവായിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ: പ്രത്യേകം ക്ഷണക്കത്തു അയയ്ക്കപ്പെട്ടവർ ഹാജരായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആദ്യത്തെ യോഗത്തിൽ രണ്ടുപേരും ഹാജരായിരുന്നു. രണ്ടാമത്തു ശ്രീ. നടരാജപിള്ള മാത്രം ഹാജരുണ്ടായിരുന്നു.

ശ്രീ. എ. താണുപിള്ള: ഞാൻ അന്നു ഡെൽഹിയിൽ ആയിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടായിരിക്കും ബഹു: മെംബർ ഹാജരാകാതിരുന്നതു്.

മിനിമം വേജസു്.

* 655. [15] **ശ്രീ. ആർ. പ്രകാശം:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർതൊഴിലാളികൾക്കുള്ള മിനിമം വേജസ് പ്രയോഗക്ഷമമാക്കുവാൻ ഇക്കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം നടപടികൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) മിനിമം വേജസ് നൽകാത്ത എത്ര മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടു്; ഉണ്ടെങ്കിൽ ആരെയെല്ലാം;

(സി) മിനിമം വേജസ് നൽകാത്ത മുതലാളിമാരുടെ പേരുവിവരം കാണിച്ചു് തൊഴിലാളികളിൽനിന്നും നേരിട്ടു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു പ്രദേശത്തിൽനിന്നു്;

(ഡി) അവയുടെപേരിൽ എന്തുനടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം, കയർതൊഴിലാളികൾക്കുള്ള മിനിമം വേജസ് പ്രയോഗക്ഷമമാക്കുന്നതിനുവേണ്ടി പ്രത്യേക നടപടികളൊന്നും എടുത്തിട്ടില്ല.

(ബി) മിനിമംവേജസ് നൽകാത്ത കാരണത്താൽ ആരെയും പ്രോസിക്യൂട്ടു ചെയ്തിട്ടില്ല.

(സി) ചിറയിൻകീഴ് താലൂക്കിലെ ചില കയർ ഉൽപ്പാദകർ, മിനിമംവേജസ് നൽകിയിട്ടില്ലെന്നു, ചിറയിൻകീഴ് കയർവർക്കേഴ്സ് യൂണിയൻ, പേരുവിവരം കാണിച്ചു ഒരു പരാതി അയച്ചിട്ടുണ്ടു്.

(ഡി) പരാതിയിന്മേൽ അസിസ്റ്റന്റ് ലേബർ കമ്മീഷണർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: ഇതുസംബന്ധിച്ചു കാര്യമായ നടപടികളൊന്നും നടന്നുകാണാത്തതുകൊണ്ടാണു് ഇങ്ങനെ നിവേദനങ്ങൾ നടത്തേണ്ടിവരുന്നതെന്നു മനസ്സിലാക്കി, പെട്ടെന്നു് കർശനമായ നടപടികൾ കൈക്കൊണ്ടു മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിമാരെ പ്രോസിക്യൂട്ട് ചെയ്യുക എന്നതു ഗവണ്മെന്റിന്റെ ലക്ഷ്യമല്ല. മിനിമംവേജസ് ആക്റ്റ്, തൊഴിലാളികൾക്കു ന്യായമായ കൂലി കിട്ടണമെന്നുള്ള വിചാരത്തിൽ നടപ്പാക്കിയിട്ടുള്ളതാണ്. ഗവണ്മെന്റിന്റെ ആ ലക്ഷ്യം സാധിക്കുന്നതിനുവേണ്ട വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതനുസരിച്ചു മിനിമംവേജസ് കൊടുക്കുന്നില്ല എന്നു കണ്ടാൽ അതേപ്പറ്റി പ്രോസിക്യൂട്ട് ചെയ്യാനുള്ള വ്യവസ്ഥയും അതിൽ ഉണ്ട്. അതനുസരിച്ചാണു ചിറയിൻകീഴ് താലൂക്കിൽ നിന്നും കിട്ടിയ പരാതിയിന്മേൽ അന്വേഷണം നടത്തുന്നതു്.

ശ്രീ. ആർ. പ്രകാശം: മറ്റു താലൂക്കുകളിൽനിന്നും ഇതുപോലുള്ള പരാതികൾ ലേബർ ഡിപ്പാർട്ടുമെന്റിനും, ഗവണ്മെന്റിനും ലഭിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. യു. നീലകണ്ഠൻ: അങ്ങനെയുണ്ടാകുന്ന പരാതികളെപ്പറ്റി ഗവണ്മെന്റു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വരുമ്പോൾ ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ആദ്യത്തെ മിനിമംവേജസ് റിപ്പോർട്ടിനെപ്പറ്റി, പുനഃപരിശോധന ചെയ്യുന്നതിന് നിയമിക്കപ്പെട്ട അഡ്വൈസറിക്കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തു നടപടി നടത്തി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: അതേപ്പറ്റി ഒരു തീരുമാനമെടുത്തു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാത്തതുകൊണ്ടു ഈ നിയമം എൻഫോഴ്സു ചെയ്യാൻ വൈഷമ്യം ഉണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില വൈഷമ്യങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസു കൊടുക്കാത്തതു സംബന്ധിച്ചുള്ള കേസുകൾ ക്ലെയിം അതോറിട്ടീസിനു് ഇൻസ്പെക്ടർ കൊടുത്താൽപോരാ, തൊഴിലാളികൾതന്നെ കൊടുക്കണമെന്നു്, ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും സക്കുലർ അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. ടി. കെ. ദിവാകാൻ: കുറഞ്ഞകൂലിക്കുവേണ്ടി കേസു കൊടുക്കുന്നതിനു് പാവപ്പെട്ട തൊഴിലാളികളെ ഉപദ്രവിക്കാതെ ഇൻസ്പെക്ടർ മുഖേന അതു നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതലായി ആലോചിക്കാതെ ഇതിനു ഒരു മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. യശോധരൻ: മിനിമംവേജസ് ആക്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനു് വ്യവസായകേന്ദ്രങ്ങളിൽ കൂടുതലായി ഇൻസ്പെക്ടർമാരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം അതിനെപ്പറ്റി ആലോചിക്കാം.

വിനോദനികുതി.

* 656. [16] **ശ്രീ. ആർ. പ്രകാശം:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും പിരിച്ചുവന്ന Entertainment Tax-നെക്കുറിച്ച് ഹൈക്കോടതിവിധി ഏതെങ്കിലും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിയമപരമായ പ്രത്യാഘാതത്തെക്കുറിച്ച് ഗവണ്മെന്റിന് മുനിസിപ്പാലിറ്റികളിൽ നിന്നും അറിവു ലഭിച്ചിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ വിധിയുടെപേരിൽ മുനിസിപ്പാലിറ്റികൾക്കുണ്ടാകുന്ന ധനനഷ്ടത്തെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും പിരിച്ചുവന്ന, എന്റർടെയിൻമെന്റ് ടാക്സിനെക്കുറിച്ച് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആലോചിച്ചിട്ടുണ്ട്.

(ഡി) ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ആർ. പ്രകാശം: എന്തെല്ലാം നടപടികൾ ഇതു സംബന്ധിച്ചു സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു സംബന്ധിച്ചു ഒരു ബിൽ എഴുതിയുണ്ടാക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. ബിൽ ഏതാണ്ടു പൂർത്തിയായിട്ടുണ്ടെന്നാണ് അറിവ്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഹൈക്കോടതി എന്തുകൊണ്ടാണ് ഇങ്ങനെ വിധിച്ചത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്റർടെയിൻമെന്റ് ടാക്സ് പിരിക്കുന്നതിനെസംബന്ധിച്ച്, മുനിസിപ്പാലിറ്റികൾ ഒരു ബൈലാ, പാസാക്കണമെന്നു വ്യവസ്ഥയുണ്ട്, അങ്ങനെ ബൈലാ പാസ്സാക്കാത്തതുകൊണ്ടായിരിക്കണം ഇങ്ങനെ വിധിയുണ്ടായിട്ടുള്ളത്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ബൈലാ പാസ്സാക്കാതെ ടാക്സ് പിരിച്ചതു ശരിയല്ലെന്നു കോടതി വിധിയുണ്ടായതു ശരിയല്ലെന്നു വരുത്താനാണോ, ബില്ലുണ്ടാക്കാൻ പോകുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബിൽ ശരിപ്പെട്ടുവരുമ്പോൾ അതിനെപ്പറ്റി അറിയാം.